(ഡി) വർഷങ്ങളായി സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നില്ല.

(ഇ) 2003-2004-ൽ ട്രസ്റ്റി കമ്മിറ്റിക്ക് ഈ വിഹിതത്തിൽ 15,53,600 രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഇല്ല.

(എച്ച്) ഇല്ല.

(ഐ) ട്രസ്റ്റി കമ്മിറ്റിയുടെ നിക്ഷേപങ്ങളിൽ പലിശ ലഭിക്കുന്നു.

(ജെ) സ്റ്റാമ്പ് വില്പനയിലൂടെയും ഫണ്ടിന് തുക ലഭിക്കുന്നു.

(കെ) ഫണ്ടിലേക്ക് അംഗങ്ങളിൽ നിന്ന് വാർഷിക വരിസംഖ്യയും അപേക്ഷാഫീസും ലഭിക്കുന്നുണ്ട്. ഇതിൽ 17,700 രൂപ അപേക്ഷാ ഫീസിനത്തിലും വാർഷിക വരിസംഖ്യയിനത്തിൽ 83,37,600 രൂപയും ഫണ്ടിലേക്ക് ലഭിക്കേണ്ടതുണ്ട്.

(ബി) ബാർ കൗൺസിലിൽ നിന്നും ഒരു തുകയും കുടിശ്ശികയായി നിൽക്കുന്നില്ല. മെമ്പർമാരിൽ നിന്ന് ഫീസിനത്തിലും വാർഷിക വരിസംഖ്യാ കുടിശ്ശികയിനത്തിലും 85,53,300 രൂപ വെൽഫയർ ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടാനുണ്ട്. 2003-2004 വർഷത്തിൽ കോർട്ട് ഫീ ആന്റ് സ്യൂട്ട് വാല്യൂവേഷൻ ആക്റ്റിലെ സെക്ഷൻ 76(2) പ്രകാരം വെൽഫയർ ഫണ്ടിലേക്ക് 15,53,600 രൂപ ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സ്റ്റാമ്പ് വിറ്റ വകയിൽ ലഭിച്ച തുക 1,09,24,650 രൂപ ആണ്.

(ഡി) ഇപ്പോൾ കൈവശമുള്ള തുക 2,28,31,450 രൂപ ആണ്. 31-5-2005-വരെ 52 അവകാശികൾക്ക് 1,17,12,500 രൂപ ക്ലെയിമിനത്തിൽ കൊടുക്കാനുണ്ട്.

പ്രളയ ദുരിതാശ്വാസ ഫണ്ട്

85 [1819] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ മടവൂർ, നരിക്കുനി, കൊടുവള്ളി, കിഴക്കോത്ത്, ഉണ്ണികുളം, കക്കോടി, ചേളന്നൂർ, കാക്കൂർ എന്നീ പഞ്ചായത്തുകളിൽ 2001 മുതൽ 2005 വരെയായി പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര റോഡുകൾക്ക് തുക അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ പേരും അനുവദിച്ച തുകയും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) 105 റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

എൻ. ടി. പി. സി. പദ്ധതി

86 [1820] *ശ്രീ. ടി. കെ. ദേവകുമാർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എൻ. ടി. പി. സി. പദ്ധതി ബാധിതരുടെ നഷ്ടപരിഹാരതുക എൻ. ടി. പി. സി. സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എൻ. ടി. പി. സി. എന്തു തുകയാണ് നൽകിയിട്ടുള്ളത്;

(സി) പദ്ധതിബാധിതർക്ക് പൂർണ്ണമായി നഷ്ടപരിഹാരതുക വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(ഇ) നഷ്ടപരിഹാരം എന്നത്തേയ്ക്ക് പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി അമ്പത്തൊമ്പതി നായിരത്തി നാനൂറ്റി എൺപത്തിമൂന്ന് രൂപ.

(സി) ഇല്ല.

(ഡി) & (ഇ) നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതിലേക്കായി കോടതിയിൽ എൽ. എ. ആർ. കേസ്സുകൾ നിലവിലുണ്ട്. കോടതിവിധിക്ക് വിധേയമായി നഷ്ടപരിഹാരതുക പൂർണ്ണമായും നൽകുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly